(ഇ) വളപട്ടണം പദ്ധതി (പഴശ്ശിരാജാ) ക്കുവേണ്ടി ഇതിനകം എത്ര തുക ചെലവഴിച്ചു ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) മൂന്നാം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആറു പുതിയ ജല സേചന പദ്ധതികളുടേയും പണി തുടങ്ങിക്കഴിഞ്ഞു. കൂടാതെ സ്റ്റിൽ ഓവർ സംകീമുകൾ 12 എണ്ണത്തിന്റെ പണിയും തുടർന്നുവരുന്നു.

(ബി) താഴെ പറയുന്ന ഏഴു പദ്ധതികളുടെ പണി ഏറെക്കുറെ പൂർത്തിയായി.

(1) മലമ്പുഴ
(2) ഗായത്രി—ഒന്നാം ഘട്ടം
(3) ചാലക്കുടി—രണ്ടാം ഘട്ടം
(4) മംഗലം
(5) പീച്ചി
(6) വാളയാർ
(7) വാഴാനി

(സി) ഒന്നു് (പഴശ്ശി പദ്ധതി)

(ഡി) ഉണ്ടായിരുന്നില്ല.

(ഇ) 1963 ഡിസംബർ അവസാനം വരെ 10.17 ലക്ഷം രൂപ ചെലവഴിച്ചു.

വൻകിട ജലസേചനപദ്ധതികൾ

* 129. [36] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ടു ജില്ലയിൽ ഇപ്പോൾ പ്രവർത്തനത്തിലുള്ള വൻകിട ജലസേചനപദ്ധതികൾ ഏതെല്ലാമാണു് ;

(ബി) കുറ്റ്യാടി ജലസേചനപദ്ധതിയുടെ പ്രവർത്തനം ഇന്നു് ഏതു സ്ഥിതിയിലാണുള്ളതു് ;

(സി) ആകെ എത്ര തുകയാണു് ഈ പദ്ധതിക്കു് വേണ്ടിവരിക എന്നു കണക്കാക്കിയിട്ടുണ്ടോ ;

(ഡി) ഇപ്പോൾ അവിടെ കാര്യമായി യാതൊരു പ്രവർത്തനവും നടക്കുന്നില്ലെന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കൂടുതൽസംഖ്യ അനുവദിച്ചുകൊണ്ടു് പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ വേണ്ടുന്ന നടപടികൾ അംഗീകരിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ) :

(എ) കുറ്റ്യാടി ജലസേചനപദ്ധതിമാത്രം.

(ബി) അപ്രോച്ചു് റോഡു്, കാർട്ടേഴ്സു് എന്നിവ പണിയുക തുടങ്ങിയ പ്രാരംഭ പ്രവൃത്തികൾ നടന്നുവരുന്നു.

(സി) 496.44 ലക്ഷം രൂപ.

(ഡി, ഇ) ഈ പദ്ധതിയുടെ പ്രോജക്ടു് റിപ്പോർട്ടിനു് അംഗീകാരം കിട്ടിയാലേ ശരിയായ പദ്ധതിപ്രവർത്തനം ആരംഭിക്കുവാൻ നിവൃത്തിയുള്ളൂ. കൂടാതെ സാമ്പത്തിക പരിമിതികൊണ്ടു് ഈ പദ്ധതിക്കു് 1963–64 വർഷത്തിൽ രണ്ടുലക്ഷം രൂപയേ വകയിരുത്തിയിട്ടുള്ളൂ. ഇപ്പോൾത്തന്നെ അതിൽ കൂടുതൽ ചെലവായിക്കഴിഞ്ഞു ഇന്നത്തെ പരിതഃസ്ഥിതിയിൽ ഈ സംകീമിനു് തന്നാണ്ടിൽ കൂടുതൽ തുക അനുവദിക്കുവാൻ നിവൃത്തിയില്ല

ശ്രീ. എൻ. ഈ. ബലറാം : പഴശ്ശി പദ്ധതിയുടെ പ്രവർത്തനം പൂർത്തിയാക്കാതെ അതിൽ വിട്ടുവീഴ്ച വരുത്തുകയാണെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ : വിട്ടുവീഴ്ച ഉണ്ടെന്നുപറയുന്നതു് ശരിയല്ല. 1963-64-ലേക്കു് ആ പദ്ധതിയുടെ പ്രവർത്തനത്തിനുവേണ്ടി അലോട്ടു ചെയ്തിരുന്നതു് രണ്ടു (2) ലക്ഷം രൂപയായിരുന്നു. എന്നാൽ 1963 അവസാനം ആയപ്പോഴേക്കും 2.42 ലക്ഷം രൂപ അതിലേയ്ക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ടു്. അലോട്ടുമെൻറിനെക്കാൾ കൂടുതൽ ചെലവഴിച്ചിരിക്കുകയാണു്.

ശ്രീ. ഈ. പി. ഗോപാലൻ : കാഞ്ഞിരപ്പുഴ, കുറ്റ്യാടി ജലസേചന പദ്ധതികളുടെ പ്രവർത്തനം നിറുത്തിവെച്ചിട്ടില്ലെന്നു പറയുന്നതിന്റെ അർത്ഥം പ്രവർത്തിച്ചുതുടങ്ങിയിട്ടില്ലെന്നു് എടുക്കാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : സാധാരണമായി എല്ലാ കാര്യങ്ങളും ശ്രീ. ഈ. പി. ഗോപാലൻ എങ്ങനെയാണു് മനസ്സിലാക്കുന്നതു് അങ്ങനെ ഇതും മനസ്സിലാക്കിയാൽ മതി.

ശ്രീ. ഈ. പി. ഗോപാലൻ : കാഞ്ഞിരപ്പുഴ, കുറ്റ്യാടി പദ്ധതികളുടെ പ്രവർത്തനം നടന്നിട്ടില്ലെന്നുള്ള കാര്യം വളരെ അടുത്ത ദിവസങ്ങളിൽപോലും അവിടെ ചെന്നു കണ്ടിട്ടുള്ള ആളുകളും പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് നിറുത്തിവെച്ചിട്ടില്ലെന്നു് പറഞ്ഞാൽ അതിന്റെ അർത്ഥം പ്രവർത്തിച്ചു തുടങ്ങിയിട്ടില്ലെന്നു് എടുക്കാമോയെന്നാണു് ചോദിച്ചതു്?

മി. സ്പീക്കർ : നിറുത്തിവെച്ചിട്ടില്ലെന്നു പറഞ്ഞാൽ പ്രവർത്തിച്ചു തുടങ്ങിയിട്ടില്ലെന്നു് മനസ്സിലാക്കേണ്ട ആവശ്യമില്ല.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : കുറ്റ്യാടി ജലസേചന പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനു് അടുത്തവർഷം കൂടുതൽ സംഖ്യ അതിലേയ്ക്കു് അലോട്ടുചെയ്യാൻ ഭയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇന്നത്തെക്കാളും കൂടുതൽ സംഖ്യ വകയിരുത്താൻ സാധിക്കുമെന്നു തോന്നുന്നില്ല. എല്ലാ പദ്ധതികളുടേയും മൊത്തമായ അംഗീകാരം കേന്ദ്രഗവണ്മെൻറിൽനിന്നും കിട്ടിയിട്ടില്ല.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : പഴശ്ശി പദ്ധതിയെന്നറിയപ്പെടുന്നതു് വളപട്ടണം പദ്ധതിയാണു്. അതിന്റെ പ്രവർത്തനത്തിൽ പൂർണ്ണമായ ജാഗ്രതയുണ്ടാകാതിരിക്കാനുള്ള പ്രത്യേകമായ കാരണം പ്ലാനിംഗ് കമ്മീഷന്റെ ക്ലീയറൻസു് ലഭിക്കാത്തതാണെന്നു് ഈ സഭയിൽത്തന്നെ മുമ്പൊരു അവസരത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. അതിന്റെ യാഥാർത്ഥ്യമെന്താണു്. ആ പദ്ധതിക്കു് ഉടനെ അംഗീകാരം കിട്ടത്തക്കവിധത്തിൽ അതിനെ സംബന്ധിച്ചുള്ള എല്ലാ വസ്തുതകളും, ജനുവരിമാസം ഒടുവിലോ ഫെബ്രുവരിമാസം ആദ്യമോ കൂടുന്ന സമ്മേളനത്തിൽ എത്തിക്കണമെന്നു് പ്ലാനിംഗ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ആ പദ്ധതിയെ സംബന്ധിച്ചു് പ്രത്യേകമായിട്ടു് എന്തെങ്കിലും നിർദ്ദേശം കിട്ടിയിട്ടുണ്ടോയെന്നറിഞ്ഞുകൂടാ, ആ സ്കീമിനെ സംബന്ധിച്ചിടത്തോളം ഔദ്യോഗികമായി അംഗീകാരം കിട്ടിക്കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. പി. ബാലചന്ദ്രമേനോൻ : പോത്തുണ്ടി പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടു് മൂന്നുകൊല്ലത്തിലധികമായി. എന്നാൽ ഇപ്പോഴും അതിന്റെ പ്രവർത്തനം പൂർത്തിയായിട്ടില്ല. അതിനുള്ള കാരണം മെഷിനറി ഇല്ലാത്തതാണെന്നറിയുന്നു. അക്കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അതിനാവശ്യമുള്ള മെഷിനറി ഉടനടി വരുത്തിക്കൊടുക്കാനുള്ള നടപടികളും സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ആവശ്യമായ എന്തെങ്കിലും മെഷിനറി കിട്ടാതുണ്ടെങ്കിൽ അതുടനെ വരുത്തിക്കൊടുക്കുന്നതിനുള്ള നടപടികളും ഗവണ്മെൻറിൽനിന്നും സ്വീകരിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ബഹുമുഖവികസനപദ്ധതിയിൽ അധിഷ്ഠിതമായ പഴശ്ശിപദ്ധതി മലബാറിനെ സംബന്ധിച്ച് പല വിധത്തിലും ആവശ്യമാണെന്നും, ആ പദ്ധതി പൂർത്തിയായാൽ അറുപതിനായിരം ഏക്കർ സ്ഥലത്തു് സെൽഫ് കൺട്രിവേഷനു് പുതിയ സാഹചര്യം ഉണ്ടാകുമെന്നുമുള്ള കാര്യം പരിഗണിച്ച്, ആ പദ്ധതിക്കു് പ്ലാനിംഗ് കമ്മിഷന്റെ ക്ലിയറൻസ് ലഭിക്കുന്നതിനാവശ്യമായ നടപടികളും ഫലപ്രദമായിട്ട് ഈ ഗവണ്മെന്റിൽ നിന്നും എടുക്കുവാൻ ദയവുണ്ടാകുമോ? ഈ പദ്ധതിയെപ്പറ്റി മലബാറിലെ ജനങ്ങളും ഉൽക്കണ്ഠാകുലരായിരിക്കുകയാണു്.

ശ്രീമതി കെ. ആർ. ഗൗരി : ഈ ചോദ്യത്തിന്റെ അർത്ഥം മനസ്സിലായില്ല. അതൊന്നു പറഞ്ഞു തരാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ; ചോദ്യത്തിന്റെ അർത്ഥം എനിക്കു് മനസ്സിലായി. ഞാൻ അതിനു് മറുപടി പറയാം. ഇതിൽ യാതൊരു വിധത്തിലുള്ള ഉൽക്കണ്ഠയ്ക്കും അടിസ്ഥാനമില്ല. ആ പദ്ധതിയുടെ പ്രവർത്തനത്തിനു് ആവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നുണ്ടു്, ആ പദ്ധതിക്കു് കഴിയുന്നതും വേഗം അംഗീകാരം കിട്ടുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻ: വാഴാനി പദ്ധതിയെ സംബന്ധിച്ചിടത്തോളം വകുപ്പു മന്ത്രി പറയുകയുണ്ടായി, കേന്ദ്രവകുപ്പുമന്ത്രി ശ്രീ. റാവുവിന്റെ വാക്കാലുള്ള അംഗീകാരം കിട്ടിയിട്ടുണ്ടെന്നും, ഔദ്യോഗികമായി കിട്ടിക്കഴിഞ്ഞിട്ടില്ലെന്നും. ഇപ്പോഴും ഔദ്യോഗികമായി അതിനു് അംഗീകാരം കിട്ടിയിട്ടുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഔദ്യോഗികമായി അതിനു് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നു് കൃത്യമായിപറയാൻ നിവൃത്തിയില്ല. ഈ പദ്ധതികളെല്ലാം തന്നെ അംഗീകാരം കിട്ടുമെന്നുള്ള പ്രതീക്ഷയോടുകൂടി കണക്കിലെടുത്തിരിക്കുകയാണു്. അതുകൊണ്ടു് ഇവയുടെയെല്ലാം അംഗീകാരം കിട്ടുന്നതിനു വേണ്ടി ഗവണ്മെന്റിൽ നിന്നും യാതൊരുവിധത്തിലുള്ള താമസത്തിനും ഇടയില്ല.

ശ്രീ. ഡി. ദാമോദരൻ പോറ്റി: കഴിഞ്ഞവർഷം പദ്ധതിക്കുവേണ്ടി ഉൾപ്പെടുത്തിയിരുന്ന ഒന്നര രണ്ടു ലക്ഷം രൂപ ഒന്നോ രണ്ടോ ഉദ്യോഗസ്ഥന്മാർക്കു് ശമ്പളം കൊടുക്കാൻവേണ്ടിമാത്രമാണു് വിനിയോഗിച്ചിട്ടുള്ളതെന്ന വസ്തുത ശരിയാണോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ആ വസ്തുത തെറ്റാണു്. രണ്ടു ലക്ഷം രൂപ നീക്കിവെച്ചിരുന്നതിൽ കൂടുതൽ സംഖ്യയുള്ള പണികളും നടത്തിയിട്ടുണ്ടു്. അപ്രോച്ച് റോഡിന്റെ പണിയും കാർട്ടേഴ്സിന്റെ പണിയുമെല്ലാം നടത്തിയിട്ടുണ്ടു്. അലോട്ടുമെന്റിൽ ഉള്ളതത്രയും ഉദ്യോഗസ്ഥന്മാക്കു ശമ്പളം കൊടുക്കുന്നതിനു് മാത്രം ചെലവാക്കിയിട്ടുണ്ടെന്നു് പറയുന്നതു് ശരിയല്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ബഹുമുഖവികസന പദ്ധതികളിൽ അധിഷ്ഠിതമായ മറ്റു എന്തെല്ലാം പദ്ധതികളാണു് മലബാറിൽ നടത്തിയിട്ടുള്ളതെന്നു പറയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: മലബാറിൽ എന്തെല്ലാം പദ്ധതികളും നടത്തിയിട്ടുണ്ടെന്നു് ഇപ്പോഴും പറയാൻ സാധിക്കുകയില്ല.

പോലീസ് സബ്-ഇൻസ്പെക്ടർമാരുടെ നിയമനം

* 130. [18] † ശ്രീ. എൻ. ഗോപാലകുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പോലീസ് സബ്-ഇൻസ്പെക്ടർമാരുടെ കേഡറിലേക്കു് നിയമനം നടത്തുന്നതിൽ സർവ്വീസിലുള്ള ഹെഡ് കോൺസ്റ്റബിൾമാർക്കു് എന്തെങ്കിലും റിസർവ്വേഷനുണ്ടോ;

† Put by Shri P. K. Kunjachan

LIBRARY ARCHIVES Kerala Legislative Assembly